"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വ്യവസായ വകുപ്പ് - മൈനിംഗ് & ജിയോളജി – 2015 ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങൾ പ്രകാരം ശ്രീ.ജോബ്.കെ.ജേക്കബ്, കമ്പളപ്പറമ്പിൽ വീട്, തൊടുപുഴ, ഇടുക്കി സമർപ്പിച്ച അപ്പീൽ പെറ്റീഷൻ തീർപ്പാക്കി ഉത്തരവാകുന്നു.

---

**വ്യവസായ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.403/2025/ID തീയതി,തിരുവനന്തപുരം, 08-04-2025

---

പരാമർശം:-

1. ഇടുക്കി ജില്ലാ ജിയോളജിസ്റ്റിന്റെ 28/09/2024 തീയതിയിലെ DOIDU_DMG/11/2023-M നമ്പർ ഡിമാന്റ് നോട്ടീസ്.
2. ശ്രീ.ജോബ്.കെ.ജേക്കബ്, കമ്പളപ്പറമ്പിൽ വീട്, തൊടുപുഴ, ഇടുക്കി 15.10.2024 തീയതിയിൽ സമർപ്പിച്ച അപ്പീൽ പെറ്റീഷൻ.
3. മൈനിംഗ് & ജിയോളജി വകുപ്പ് ഡയറക്ടറുടെ 25.03.2025 തീയതിയിലെ ഡിഎംജി/3261/2024-എം4 നമ്പർ റിപ്പോർട്ട്.

**<u>ഉത്തരവ്</u>**

ഇടുക്കി ജില്ലയിൽ തൊടുപുഴ താലൂക്കിൽ മണക്കാട് വില്ലേജിൽ ബ്ലോക്ക് നമ്പർ 10, സർവ്വേ നമ്പർ 348/5, 348/5-1, 348/5-2 എന്നിവയിൽപ്പെട്ട 0.868 ഹെക്ടർ സ്ഥലത്ത് കെട്ടിടം നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് 3693.31 ക്യൂബിക് മീറ്റർ സാധാരണ മണ്ണ് നീക്കം ചെയ്യുന്നതിന് ഹർജിക്കാരന് അനുമതി നൽകിയിരുന്നുവെങ്കിലും ഒരു വർഷത്തിനു ശേഷവും കെട്ടിടത്തിന്റെ അടിത്തറ നിർമ്മാണം പോലും നടത്തിയിട്ടില്ലെന്ന് അറിയിച്ചിട്ടുള്ള സാഹചര്യത്തിൽ, ടിയാന് അനുമതി ലഭിച്ച 3693.31 ക്യൂബിക് മീറ്റർ മണ്ണിന്റെ റോയൽറ്റിയുടെ അഞ്ചിരട്ടി തുകയായ 14,77,325/- രൂപ ഒടുക്കുന്നതിനാവശ്യപ്പെട്ട് ഇടുക്കി ജിയോളജിസ്റ്റ് നൽകിയ പരാമർശം (1) ഡിമാന്റ് നോട്ടീസ് പ്രകാരമുള്ള തുക ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കണമെന്നാവശ്യപ്പെട്ട് ശ്രീ.ജോബ്.കെ.ജേക്കബ്, കമ്പളപ്പറമ്പിൽ വീട്, ഓലമറ്റം, തൊടുപുഴ, ഇടുക്കി പരാമർശം (2) പ്രകാരം ഒരു അപ്പീൽ അപേക്ഷ സർക്കാരിൽ സമർപ്പിക്കുകയുണ്ടായി.

2. അപ്പീൽ ഹർജിയുമായി ബന്ധപ്പെട്ട് അപ്പീൽ അധികാരിയായ വ്യവസായ വകുപ്പ് അഡീഷണൽ സെക്രട്ടറി 11/03/2025-ന് നടത്തിയ ഹിയറിംഗിൽ അപ്പീൽ കക്ഷിയും മൈനിംഗ് & ജിയോളജി വകുപ്പിലെ ഡെപ്യൂട്ടി ഡയറക്ടറും പങ്കെടുത്തു.

3. ഹിയറിംഗ് വേളയിൽ അപ്പീൽകക്ഷി ബോധിപ്പിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു:

ഇടുക്കി ജില്ല തൊടുപുഴ താലൂക്കിൽ നെടിയശാല കരയിൽ മൂന്ന് നില കടമുറികളായി പണിയുന്നതിന് മണക്കാട് പഞ്ചായത്തിൽ നിന്നും ബിൽഡിംഗ് പെർമിറ്റ് എടുക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ മൈനിംഗ് & ജിയോളജി ഡിപ്പാർട്ട്മെന്റിൽ നിന്നും മണ്ണെടുക്കുന്നതിനായുള്ള അനുമതി ലഭിക്കുകയും ചെയ്തു. എന്നാൽ സാമ്പത്തിക പ്രയാസവും ബാങ്ക് ലോൺ കിട്ടുന്നതിനുള്ള ബുദ്ധിമുട്ടും കാരണം കെട്ടിടംപണി മുന്നോട്ട് കൊണ്ടുപോകാൻ കഴിഞ്ഞില്ല. അതിന്റെ അടിസ്ഥാനത്തിൽ ബാങ്കിൽ നിന്നുള്ള ജപ്തി ഭീഷണിമൂലം പ്രസ്തുത

സ്ഥലത്തിന്റെ കുറെ ഭാഗം വിൽക്കുകയും ബാങ്കിന്റെ കടം അവസാനിപ്പിക്കുകയും ചെയ്തു. എന്നാൽ അനുമതി നൽകിയതു പ്രകാരമുള്ള മണ്ണെടുത്തിട്ട് കെട്ടിടത്തിന്റെ അടിത്തറ കെട്ടാത്തതിനും അനുമതി നൽകിയതിൽ നിന്നും അധികമായി മണ്ണെടുത്തതിനും തനിക്ക് മൈനിംഗ് & ജിയോളജി ഡിപ്പാർട്ട്മെന്റിൽ നിന്നും ഡിമാന്റ് നോട്ടീസുകൾ ലഭിച്ചിരിക്കുകയാണ്. തന്നെ സംബന്ധിച്ച് സാമ്പത്തിക പ്രതിസന്ധിമൂലം ബുദ്ധിമുട്ടായ ഈ അവസ്ഥയിൽ പ്രസ്തുത തുക അടയ്ക്കുന്നതിന് നിവർത്തിയില്ലാത്ത സാഹചര്യമാണ്. മാത്രവുമല്ല അധിക ഖനനം തിട്ടപ്പെടുത്തിയത് തന്റെ സാന്നിദ്ധ്യത്തിൽ സ്ഥല പരിശോധന നടത്തിയിട്ടല്ല. കൂടാതെ അതു സംബന്ധിച്ച മഹസ്സർ തയ്യാറാക്കിയിട്ടുമില്ല. ബാക്കിയുള്ള സ്ഥലത്ത് കെട്ടിടങ്ങൾ പണിയുന്നതിന് ശ്രമിക്കുകയും ബാങ്കിന്റെ പ്രോസസുകൾ നടത്തുന്നതിനാൽ തന്റെ പേരിലുള്ള ഡിമാന്റ് നോട്ടീസ് ഒഴിവാക്കി ഫൈൻ അടയ്ക്കുന്നതിൽ നിന്നും തന്നെ ഒഴിവാക്കണം.

4. അപ്പീൽ അപേക്ഷ സംബന്ധിച്ച് മൈനിംഗ് & ജിയോളജി വകുപ്പ് ഡയറക്ടർ റിപ്പോർട്ട് ചെയ്ത വിവരങ്ങൾ ചുവടെ ചേർക്കുന്നു:

ഇടുക്കി ജില്ലയിൽ തൊടുപുഴ താലൂക്കിൽ മണക്കാട് വില്ലേജിൽ ബ്ലോക്ക് നം.10 സർവേ നം. 348/5, 348/5-1, 348/5-2 എന്നിവയിൽപ്പെട്ട 0.868 ഹെക്ടർ സ്ഥലത്ത് കെട്ടിടം നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് ലഭിച്ച ശ്രീ. കുഞ്ഞുമോൻ ജേക്കബ് & ജോബ് കെ.ജേക്കബ്, കുമ്പളപ്പറമ്പിൽ ഹൗസ്, ഒളമറ്റം, തൊടുപുഴ എന്നീ വ്യക്തികളുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ 3693.31 ക്യൂബിക് മീറ്റർ സാധാരണ മണ്ണ് നീക്കം ചെയ്യുന്നതിന് ടി വ്യക്തികൾക്ക് ഇടുക്കി ജില്ലാ ജിയോളജി ഓഫീസിൽ നിന്നും അനുമതി നൽകിയിരുന്നു. ടി സ്ഥലത്ത് അനധികൃത ഖനനം നടത്തിയതുമായി ബന്ധപ്പെട്ടും ഒരു വർഷത്തിനുള്ളിൽ കെട്ടിടത്തിന്റെ അടിത്തറ നിർമ്മാണം പൂർത്തിയാക്കാത്തതുമായി ബന്ധപ്പെട്ടും രണ്ട് ഡിമാന്റ് നോട്ടീസുകൾ ജില്ലാ ഓഫീസിൽ നിന്നും വ്യക്തികൾക്ക് നൽകിയിട്ടുള്ളതാണ്. അനുമതി ലഭിച്ച 3693.31 ക്യൂബിക് മീറ്റർ മണ്ണിന്റെ റോയൽറ്റിയുടെ 5 ഇരട്ടി തുകയായ 14,77,325/- സർക്കാരിലേക്ക് ഒടുക്കേണ്ടതായിട്ടുണ്ട് എന്ന് അറിയിച്ച് ചട്ടം 14 (7) പ്രകാരം ഒരു ഡിമാന്റ് നോട്ടീസും, ജില്ലാ ഓഫീസിൽ നിന്നും നടത്തിയ സ്ഥലപരിശോധനയിൽ പഞ്ചായത്ത് അംഗീകരിച്ച പ്ലാൻ പ്രകാരമുള്ള അളവിൽ നിന്ന് അധികമായി 309.78 ക്യൂബിക് മീറ്റർ സാധാരണ മണ്ണ് ഖനനം ചെയ്തു നീക്കിയതായി കണ്ടതിൽ അനധികൃതമായി ഖനനം ചെയ്ത നീക്കിയ 309.78 ക്യൂബിക് മീറ്റർ മണ്ണിനു റോയൽറ്റി 24,782.4/- രൂപയും (ക്യൂബിക് മീറ്ററിന് 80 രൂപ നിരക്കിൽ) വില 99,129.6/- രൂപയും (ക്യൂബിക് മീറ്ററിന് 320/- രൂപ നിരക്കിൽ) 1,23,912/- രൂപയും ഒടുക്കേണ്ടതാണെന്നും അറിയിച്ച് ചട്ടം 108 (2) പ്രകാരം മറ്റൊരു ഡിമാന്റ് നോട്ടീസും നൽകിയിട്ടുള്ളതും ആണ്.

കെട്ടിട നിർമ്മാണത്തിന്റെ ഭാഗമായി സാധാരണ മണ്ണ് നീക്കം ചെയ്യുന്നതിന് അനുമതി നൽകിയ സംഗതികളിൽ ട്രാൻസിറ്റ് പാസ് അനുവദിച്ച് ഒരു വർഷത്തിനുള്ളിൽ കെട്ടിടത്തിന്റെ അടിത്തറ നിർമ്മാണം എങ്കിലും പൂർത്തിയാക്കാത്ത പക്ഷം ആകെ നീക്കം ചെയ്ത മണ്ണിന്റെ റോയൽറ്റിയുടെ 5 ഇരട്ടി തുക പെനാലിറ്റി ഒടുക്കേണ്ടതായിട്ടുണ്ട്. ഈ സാഹചര്യത്തിൽ അപ്പീൽകക്ഷി ആകെ നീക്കം ചെയ്ത മണ്ണിന്റെ അളവായ 8006.18 മെ. ടണ്ണിന് പെനാലിറ്റി ഇനത്തിൽ 16,01,236/- രൂപ ഒടുക്കേണ്ടതായിട്ടുണ്ട്.

4. അപ്പീൽ അധികാരി ഈ വിഷയം അപ്പീൽ കക്ഷിയുടെ വാദത്തിന്റെയും മൈനിംഗ് & ജിയോളജി വകുപ്പ് ഡയറക്ടറുടെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. അപ്പീൽകക്ഷി മണ്ണ് നീക്കം ചെയ്യുന്നതിനുള്ള അനുമതി ലഭ്യമാക്കി ഒരു വർഷം കഴിഞ്ഞിട്ടും അടിത്തറ നിർമ്മാണം നടത്തിയിട്ടില്ല. അനുമതി ലഭിച്ച് ഒരു വർഷത്തിനകം

കെട്ടിടത്തിന്റെ അടിത്തറ നിർമ്മാണം നടത്തിയില്ലെങ്കിൽ KMMC ചട്ടങ്ങളിലെ ചട്ടം 14(7) (2023 ലെ ഭേദഗതി) പ്രകാരം റോയൽറ്റി ഒടുക്കിയ ധാതുവിന്റെ 5 ഇരട്ടി റോയൽറ്റിയും, അനുമതി നൽകിയ അളവിൽ കൂടുതൽ ധാതു ഖനനം നടത്തിയാൽ ചട്ടം 14(8) പ്രകാരം അധിക ഖനനം നടത്തിയ ധാതുവിന്റെ 5 ഇരട്ടി റോയൽറ്റിയും പെനാലിറ്റി ആയി ഒടുക്കേണ്ടതാണ്. എന്നാൽ അധിക ഖനനം സംബന്ധിച്ച് പരിശോധന നടത്തിയതിന്റെ അടിസ്ഥാനത്തിൽ മഹസ്സർ തയ്യാറാക്കിയിട്ടില്ലെന്ന് ജില്ലാ ജിയോളജി ഓഫീസുമായി ബന്ധപ്പെട്ടപ്പോൾ അറിയുവാൻ സാധിച്ചു. ഈ സാഹചര്യത്തിൽ വീടിന്റെ അടിത്തറ നിർമ്മാണം നടത്താത്തതിന് 14,77,325/- രൂപ ഒടുക്കുന്നതിനാവശ്യപ്പെട്ട് ജില്ലാ ജിയോളജിസ്റ്റ് 28/9/2024 ൽ നൽകിയ ഡിമാന്റ് നോട്ടീസ് നിലനിറുത്തിക്കൊണ്ടും അതിന്റെ അടിസ്ഥാനത്തിലുള്ള തുക അപ്പീൽ കക്ഷിയിൽ നിന്നും ഈടാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് ഇടുക്കി ജില്ലാ ജിയോളജിസ്റ്റിന് നിർദ്ദേശം നൽകിയും, അധിക ഖനനം നടത്തിയത് പരിശോധിക്കുന്നതിനായി അപ്പീൽകക്ഷിക്ക് മുൻകൂർ നോട്ടീസ് നൽകി ടിയാന്റെ സാന്നിധ്യത്തിൽ ജില്ലാ ജിയോളജിസ്റ്റ് സ്ഥല പരിശോധന നടത്തി അനധികൃത ഖനനത്തിന്റെ അളവ് തിട്ടപ്പെടുത്തി മഹസർ തയ്യാറാക്കി അതിൻപ്രകാരം നടപടിക്രമങ്ങൾ പാലിച്ച് KMMC ചട്ടങ്ങളിലെ ചട്ടം 14(8) പ്രകാരം പുതുക്കിയ ഡിമാന്റ് നോട്ടീസ് നൽകി പ്രസ്തുത തുക ഈടാക്കുവാൻ വേണ്ട നടപടി സ്വീകരിക്കുവാൻ ഇടുക്കി ജിയോളജിസ്റ്റിന് നിർദ്ദേശം നൽകിയും ശ്രീ.ജോബ്.കെ.ജേക്കബ്, കമ്പളപ്പറമ്പിൽ വീട്, തൊടുപുഴ, ഇടുക്കി പരാമർശം (2) പ്രകാരം സമർപ്പിച്ച അപ്പീൽ ഹർജി തീർപ്പാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബി അജിത
അഡിഷണൽ സെക്രട്ടറി
& അപ്പീൽ അധികാരി

ശ്രീ.ജോബ്.കെ.ജേക്കബ്, കമ്പളപ്പറമ്പിൽ വീട്, തൊടുപുഴ, ഇടുക്കി.

ഡയറക്ടർ, മൈനിംഗ് & ജിയോളജി വകുപ്പ്, തിരുവനന്തപുരം.

ജില്ലാ ജിയോളജിസ്റ്റ്, ഇടുക്കി.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് / എ & ഇ), തിരുവനന്തപുരം.

വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.

സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം
Signed by
Sachin V R
Date: 08-04-2025 17:04:49
സെക്ഷൻ ഓഫീസർ